File No.EWB 2/7/2021-LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - നിയോജക മണ്ഡലം ആസ്തി വികസന ഫണ്ട് - തൊടുപുഴ നിയോജക മണ്ഡലം - "തൊടുപുഴ ജില്ലാ ആശുപത്രിയിൽ മലിനജല സംസ്കരണ പ്ലാന്റ് നിർമ്മാണം "എന്ന പ്രവൃത്തിയുടെ ഭരണാനുമതി പുതുക്കി നൽകി ഉത്തരവാകുന്നു.

---

തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂബി) വകുപ്പ്

സ.ഉ.(സാധാ) നം.1396/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 26/07/2021

---

പരാമർശം:- 1 25.04.2017 ലെ സ.ഉ(സാധാ) നം.1167/2017/H&FWD

2 ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 03.07.2017 ലെ 2893/G/2017/SM നമ്പർ കത്ത്

3 ബഹു തൊടുപുഴ നിയോജകമണ്ഡലം എം.എൽ.എ ശ്രീ. പി.ജെ ജോസഫ് അവർകളുടെ 13.08.2018 ലെ കത്ത്.

4 തദ്ദേശ സ്വയംഭരണ വകുപ്പ് ഇടുക്കി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 08.05.2019 ലെ ഡിബി 2010/2018 നമ്പർ കത്ത്

5 11.07.2019 ലെ സ.ഉ(സാധാ)നം.1700/2019/H&FWD

6 06.12.2019 ലെ സ.ഉ(സാധാ)നം. 2949/2019/H&FWD

<u>ഉത്തരവ്</u>

തൊടുപുഴ എം.എൽ.എ ശ്രീ. പി.ജെ ജോസഫ് അവർകളുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തൊടുപുഴ ജില്ലാ ആശുപത്രിയിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുന്നതിന് ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് പരാമർശം (1) പ്രകാരം 49,996,00/- രൂപയുടെ ഭരണാനുമതി നല്കിയിരുന്നു. സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനായിരുന്നു പദ്ധതി നിർവഹണ ചുമതല. എന്നാൽ ടി ഏജൻസിക്കു മലിന ജല സംസ്കരണ പദ്ധതികൾ ഏറ്റെടുക്കാൻ അംഗീകാരമില്ലെന്ന് ശുചിത്വ മിഷൻ ഡയറക്ടർ പരാമർശം (2) പ്രകാരം അറിയിച്ചിരുന്നു. സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതിനും ജില്ലാ പഞ്ചായത്ത് മുഖാന്തിരം പ്രവൃത്തി നടപ്പിലാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ബഹു. എം.എൽ.എ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗം 49,999,99 രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി പരാമർശം (4) പ്രകാരം ഭരണാനുമതിയ്ക്കായി സമർപ്പിച്ചിരുന്നു. ഇതേ തുടർന്ന് പരാമർശം (1) ലെ ഉത്തരവ് റദ്ദ് ചെയ്തു കൊണ്ടും, 49,99,999 രൂപ ചെലവഴിച്ച് തൊടുപുഴ ജില്ലാ

ആശുപത്രിയിൽ മലിനജല സംസ്കരണ പ്ലാന്റ് നിർമ്മിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തെ ചുമതലപ്പെടുത്തിയും, പ്രവൃത്തി നടപ്പാക്കി '4515-00-800-96-Projects under LAC ADS(NP)' എന്ന ശീർഷകത്തിൽ നിന്ന് ചെലവ് വഹിക്കുന്നതിനും ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് പരാമർശം (5) പ്രകാരം ഭരണാനുമതി നൽകിയിരുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം മുഖേനയാണ് പ്രവൃത്തിയുടെ നിർവ്വഹണം എന്നതിനാലും, ഇതിനുള്ള ചെലവ് "4515-00-800-96-Projects under LAC ADS(NP)" എന്ന ശീർഷകത്തിൽ നിന്ന് വഹിക്കണമെന്നതിനാലും ടി പ്രവൃത്തിയുടെ ഭരണാനുമതി തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും പുറപ്പെടുവിക്കണമെന്ന് ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിരുന്നു. ഇതേ തുടർന്ന് തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്ന് ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നതിലേക്കായി ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് പരാമർശം (6) പ്രകാരം ഈ വിഷയം സംബന്ധിച്ച് പുറപ്പെടുവിച്ച പരാമർശം (5) ലെ ഭരണാനുമതി ഉത്തരവ് റദ്ദ് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. എം.എൽ.എ ആസ്തി വികസന പദ്ധതിയുടെ നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി തൊടുപുഴ എൽ.എ ശ്രീ പി ജെ ജോസഫ് അവർകളുടെ 2016-17 സാമ്പത്തിക വർഷത്തെ നിയോജക മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും 49,999,99 രൂപ ചെലവഴിച്ച് തദ്ദേശ സ്വയംഭരണ എൻജിനീയറിംഗ് വകുപ്പ് മുഖാന്തിരം തൊടുപുഴ ജില്ലാ ആശുപത്രിയിൽ മലിനജല സംസ്കരണ പ്ലാന്റ് നിർമ്മിക്കുന്നതിന് ഭരണാനുമതി പുതുക്കി നൽകി ഉത്തരവാകുന്നു.

പദ്ധതിയുടെ നിർവ്വഹണ ചിലവ് '4515-00-800-96-Projects under LAC ADS (NP)' എന്ന ശീർഷകത്തിൽ നിന്ന് വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
ജോയിന്റ് സെക്രട്ടറി

പകർപ്പ്

ശ്രീ. പി.ജെ ജോസഫ് എം.എൽ.എ (ആമുഖ കത്ത് സഹിതം)

പഞ്ചായത്ത് ഡയറക്ടർ

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്

അക്കാണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) എൽ ബി എ & എ തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളമിഷൻ (തദ്ദേശ സ്വയംഭരണ വകുപ്പ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ആരോഗ്യ കുടുംബ ക്ഷേമ (ഇ) വകുപ്പ്

സ്റ്റോക്ക്ഫയൽ/ഓഫീസ് കോപ്പി

File No.EWB2/7/2021-LSGD

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ